പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ – **555** **07. 07. 2014** - ലെ മറുപടി

മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതികൾക്കായി ധനസമാഹരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. പി.എ. മാധവൻ<br>ശ്രീ. വി.പി. സജീന്ദ്രൻ | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസ പദ്ധതികൾക്കായി ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (എ) തിരികെയെത്തിയ പ്രവാസികളുടെ പുനരധിവാസം മുൻനിർത്തി അവർ ആരംഭിക്കുന്ന സ്വയം തൊഴിൽ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുമായി നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് എന്ന നാമധേയത്തിൽ ഒരു പദ്ധതി രൂപീകരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിലേയ്ക്കായി നടപ്പു സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പ സൌകര്യം ലഭ്യമാക്കുന്നതിന് ബാങ്കുകളുമായി ചർച്ചകൾ നടത്തി വരികയാണ്. ഇതിനുപുറമെ നിതാഖത്ത് മൂലം സൗദി അറേബ്യയിൽ നിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയവരെ പുനരധിവസിപ്പിക്കുന്നതിനായി ഒരു സമഗ്ര പുനരധിവാസ പാക്കേജിന് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടുണ്ട്. ഇതിനായി 2014 – 15 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 50 കോടി രൂപ പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിക്കുന്നതിനായി പദ്ധതികളുടെ വിശദമായ രൂപ രേഖ തയ്യാറാക്കിയിട്ടുണ്ട്. ഇതു കൂടാതെ ഈ പദ്ധതികളുടെ നടത്തിപ്പിനായി കേന്ദ്രസഹായവും അഭ്യർഥിച്ചിട്ടുണ്ട്. |

(ബി) ഏതെല്ലാം മേഖലകളാണ് പുനരധിവാസത്തിനായി തെരഞ്ഞെടുക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കുമോ?

(ബി) നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ് (NDPREM) പദ്ധതിയിൽ 20 ലക്ഷം രൂപ വരെ മൊത്തം മൂലധന ചെലവ് പ്രതീക്ഷിക്കുന്ന കാർഷിക വ്യവസായം, ചെറുകിട കച്ചവടം, സേവന മേഖല, ഉത്പാദനം തുടങ്ങിയ മേഖലയിൽ ആരംഭിക്കുന്ന പദ്ധതികൾക്ക് മൊത്തം മൂലധന ചെലവിന്റെ 10% (പരമാവധി 2 ലക്ഷം രൂപ) വരെ സബ്സിഡി നൽകുന്നതാണ്. വിവിധ മേഖലകളിൽ ഉൾപ്പെടുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.

ഇതിനുപുറമെ നിതാഖത്ത് മുഖാന്തരം തിരികെയെത്തിയവർക്കായി നോർക്ക വകുപ്പ് ഒരു സമഗ്ര പുനരധിവാസ പാക്കേജിന് രൂപം നൽകിയിട്ടുണ്ട്.

പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം - I

## മേഖലകൾ

**കാർഷിക - വ്യവസായം**

- കോഴി വളർത്തൽ - (മുട്ടക്കോഴി, ഇറച്ചിക്കോഴി)
- മത്സ്യകൃഷി
- ഉൾനാടൻ മത്സ്യ കൃഷി, അലങ്കാര മത്സ്യ കൃഷി
- ക്ഷീരോല്പാദനം
- ഭക്ഷ്യ സംസ്കരണം
- സംയോജിത കൃഷി
- ഫാം ടൂറിസം
- ആടു വളർത്തൽ
- പച്ചക്കറി കൃഷി
- പുഷ്പ കൃഷി
- തേനീച്ച വളർത്തൽ

**കച്ചവടം (പൊതു വ്യാപാരം - വാങ്ങുകയും വിൽക്കുകയും ചെയ്യൽ)**

- പ്രൊവിഷണൽ സ്റ്റോർ / ബേക്കറികൾ / ചെറുകടകൾ / സ്റ്റേഷനറി കടകൾ / കൊപ്ര കച്ചവടം / ബാഗ് അപ്ഹോൾസ്റ്ററികൾ / ഡി.ടി.പി സെന്റർ

**സേവനങ്ങൾ**

- റിപ്പേയർ ഷോപ്പ് / റസ്റ്റോറന്റുകൾ / ടാക്സി സർവ്വീസുകൾ / ഹോംസ്റ്റേ / തയ്യൽക്കട / ബിൽഡിംഗ് മെറ്റീരിയൽസ് / ഹാർഡ് വെയർ കട / സ്പെയർ പാർട്ട്സ് / ബ്യൂട്ടി പാർലർ / ടിപ്പർ ലോറി / വെൽഡിംഗ് വർക്ക് ഷോപ്പ് / വാണിജ്യ വാഹനങ്ങൾ / സലൂണുകൾ / പ്ലംബിംഗ് ഇലക്ട്രിക്കൽ വർക്സ് / ഇന്റീരിയർ ഡിസൈനിംഗ് / റെഡി മെയ്ഡ് കട

**ഉത്പാദനം - ചെറുകിട - ഇടത്തരം സംരംഭങ്ങൾ**

- പൊടിമില്ലുകൾ / ബേക്കറി ഉൽപ്പന്നങ്ങൾ / ഫർണിച്ചറും തടിവ്യവസായവും / സലൂണുകൾ / പേപ്പർ കപ്പ് / പേപ്പർ റീസൈക്ലിംഗ് / ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവ

അനുബന്ധം II

## സമഗ്ര പുനരധിവാസ പാക്കേജിന്റെ പ്രധാന ഘടകങ്ങൾ

1. തിരികെയെത്തിയ പ്രവാസികളിൽ തിരികെ വിദേശത്ത് തന്നെ തൊഴിൽ നേടണമെന്ന് ആഗ്രഹിക്കുന്നവർക്ക് വിദേശരാജ്യങ്ങളിൽ വ്യവസായങ്ങൾ നടത്തുന്ന മലയാളി സംരംഭകരുടെ സഹായത്തോടെ തൊഴിൽ കണ്ടെത്തുന്നതിന് സഹായിക്കുക.

2. ആഭ്യന്തര തൊഴിൽ മേഖലയിലേക്ക് പ്രവാസികളുടെ പുനരേകീകരണം ലക്ഷ്യം വച്ച് സംസ്ഥാനത്ത് ലഭ്യമായ തൊഴിൽ സാധ്യതകളെ കണ്ടെത്തുന്നതിനും തൊഴിൽ നൽകുന്നതിനുമായി വ്യാപാര വ്യവസായ മേഖലയിൽ പ്രവർത്തിച്ച് വരുന്ന സംഘടനകൾ, കേരള മാനേജ്മെന്റ് അസോസ്സിയേഷൻ, FICCI, ചേംബർ ഓഫ് കോമേഴ്സ് തുടങ്ങിയ സംഘടനകളുടെ സഹായത്തോടെ നടപടികൾ സ്വീകരിക്കുക.

3. സംസ്ഥാനത്ത് നിലവിലുള്ള സ്വയം സംരംഭക സഹായ പദ്ധതി (ESS) പ്രവാസികളെ ഉൾപ്പെടുത്തി വിപുലീകരിക്കുക.

4. അഞ്ച് പ്രവാസികൾ ചേർന്ന് ആരംഭിക്കുന്ന സംരംഭങ്ങളെ Kerala Entrepreneur Development Mission ലെ വായ്പ സഹായത്തിൽ ഉൾപ്പെടുത്തുക.

5. നിതാഖത്ത് മൂലം തൊഴിൽ നഷ്ടപ്പെട്ട് തിരികെയെത്തിയവർക്ക് നോർക്കയുടെ ജോബ് പോർട്ടലിൽ പ്രത്യേകം രജിസ്ട്രേഷൻ സൗകര്യം എർപ്പെടുത്തുക. അപ്രകാരം രജിസ്റ്റർ ചെയ്യുന്നവരുടെ ഒരു പ്രത്യേക ഡാറ്റാബേസ് തയ്യാറാക്കുക.

6. ഇപ്രകാരം തിരിച്ചെത്തിയവരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിക്കുന്നതിനും അവരുടെ വൈദഗ്ദ്ധ്യം പ്രയോജനപ്പെടുത്തുന്നതിനും നോർക്ക റൂട്ട്സിന്റെയും വ്യവസായ പരിശീലന കേന്ദ്രങ്ങളുടെയും കീഴിൽ പ്രത്യേക തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനത്തിന് പദ്ധതി തയ്യാറാക്കുക.
7. സ്വയം സംരംഭങ്ങൾ ആരംഭിക്കുന്നതിന് പലിശ, മൂലധന സബ്സിഡിയോടുകൂടിയ വായ്പ ലഭ്യമാക്കുക.
8. തിരികെയെത്തിയ പ്രവാസികൾ മാത്രം അംഗങ്ങളായി സഹകരണ സ്ഥാപനങ്ങൾ സ്ഥാപിക്കുന്നതിന് പ്രത്യേക പദ്ധതി സഹകരണ വകുപ്പുമായി ചേർന്ന് നടപ്പിലാക്കുക.